ളിൽ പരസ്യങ്ങൾ, റോഡ്ഷോകൾ, ഗൾഫിൽ നടക്കുന്ന ടൂറിസം ഫെയറുകളിലൂടെയുള്ള മാർക്കറ്റിംഗ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(സി) ഇക്കോ ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കുന്നതിന്റെ തുടക്കമെന്ന നിലക്ക് 'തെന്മല' കേന്ദ്രമാക്കി ഒരു ഇക്കോ-ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി 'തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി'ക്കും രൂപം നല്കുകയും പ്രാരംഭപ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. പസഫിക്ക് ഏഷ്യാ ട്രാവൽ അസോസിയേഷനുമായി സഹകരിച്ച് 2000 ഫെബ്രുവരി 20-ന് കൊച്ചിയിൽ ഒരു ഇക്കോ-ടൂറിസം വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ഈ അന്തർദ്ദേശിയ വർക്ക്ഷോപ്പിൽ വിദേശ പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ഇക്കോ-ടൂറിസവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. ടൂറിസം രംഗവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ ഇക്കോ ടൂറിസത്തിന്റെ ആശയങ്ങൾ വ്യാപിപ്പിക്കുന്നതിനായി ചില പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നുണ്ട്.

(ഡി) വിവരസാങ്കേതിക രംഗത്തെ സാധ്യതകൾ വളരെ നേരത്തേ തന്നെ വിനോദസഞ്ചാരവകുപ്പ് ഉപയോഗപ്പെടുത്തിവരുന്നുണ്ട്. സംസ്ഥാന വിനോദസഞ്ചാരവകുപ്പിന്റെ വെബ്സൈറ്റുകളിലൊന്നായി വിവിധ ഏജൻസികൾ തെരഞ്ഞെടുത്തു കഴിഞ്ഞു. ഏറ്റവും പുതിയ വിവരങ്ങൾ ഉൾപ്പെടുത്തി വെബ്സൈറ്റ് നിരന്തരം പരിഷ്ക്കരിച്ചുവരുന്നു. വിദേശരാജ്യങ്ങളിൽ നിന്നുവരുന്ന സംശയങ്ങൾക്കുള്ള മറുപടിയും കേരളത്തെക്കുറിച്ചുള്ള സമഗ്ര വിവരങ്ങളും ഇ-മെയിലിലൂടെ ഉടൻതന്നെ നൽകുന്നു. സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടറുളിലും വിവരസാങ്കേതിക രംഗത്തെ സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ ശ്രമം തുടങ്ങികഴിഞ്ഞു.

പ്രമേഹ രോഗ നിവാരണ പദ്ധതി

7 (*157) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രമേഹരോഗനിവാരണത്തിനായി സർക്കാർ എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രമേഹരോഗം കണ്ടെത്താനും അതിന് ഉയർന്ന നിലവാരമുള്ള ചികിത്സ നൽകാനും അമേരിക്കയിലെ റോച്ചസ്റ്റർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന മയോക്ലീനിക്കും സംസ്ഥാന സർക്കാരും ''ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്'' എന്നൊരു രാജ്യാന്തര ഫൗണ്ടേഷൻ തിരുവനന്തപുരത്ത് ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ധാരാണാ പത്രത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നിർദ്ദിഷ്ട സ്ഥാപനത്തിന് സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തങ്ങൾക്കായി മയോക്ലീനിക്ക് എന്തെങ്കിലും സഹായം വാഗ്ദാനം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സ്ഥാപനത്തിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ജി) സ്ഥാപനത്തിൻമേൽ സർക്കാരിന്റെ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ)

(എ) അമേരിക്കയിലെ മയോ ക്ലീനിക് എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ ഒരു പ്രമേഹരോഗ ഗവേഷണ വിദ്യാഭ്യാസ പരിശീലനകേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം, സർക്കാർ അംഗീകരിക്കുകയും. തുടർന്ന് കേരള സർക്കാറും, മയോക്ലീനിക്കും, ഒരു പ്രാഥമിക ധാരണ പത്രം ഒപ്പുവെയ്ക്കുകയും ചെയ്തു. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി ഒരു മെമ്മോറാണ്ടം. ഓഫ് അസോസ്സിയേഷൻ അംഗീകരിക്കുകയും, അതനുസരിച്ച് തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്റ്റ്റാക്കൽ ആക്റ്റ് അനുസരിച്ച് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഒരു പ്രമേഹരോഗ ഗവേഷണ വിദ്യാഭ്യാസ പരിശീലനകേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചുകൊണ്ട് മയോ ക്ലീനിക്കും കേരള സർക്കാരും ഒരു ധാരാണാപത്രം ഒപ്പു വെച്ചിട്ടുണ്ട്.

(സി) ധാരണാ പത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) പ്രസ്തുത സ്ഥാപനത്തിന് ആവശ്യമായ സ്ഥലവും, പ്രാരംഭപ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനാവശ്യമായ വിദഗ്ധ സാങ്കേതിക സാഹായങ്ങൾ പ്രതീക്ഷിക്കുന്നു.

(എഫ്) സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നു വരുന്നതേയുള്ളൂ.

(ജി) സ്ഥാപനത്തിന്റെ ഭരണവും, നിയന്ത്രണവും, ഗവേണിംഗ് ബോഡിയിലാണ് നിക്ഷിപ്തമായിരുക്കുന്നത്. ആരോഗ്യ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയക്ടർ, ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ എന്നിവർ ഗവേണിംഗ് ബോഡിയിൽ അംഗങ്ങളാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly